പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2570 — 12.6.2018 -ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി യുടെ നഷ്ടം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | കഴിഞ്ഞ സാമ്പത്തികവർഷത്തെ പ്രൊവിഷണൽ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കെ.ടി.ഡി.സി യുടെ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ; | എ) | കഴിഞ്ഞ സാമ്പത്തികവർഷത്തെ പ്രൊവിഷണൽ കണക്ക് പ്രകാരം 3.52 കോടി രൂപയുടെ പ്രവർത്തന ലാഭം കെ.ടി.ഡിസി. നേടിയിട്ടുണ്ട്. |
| ബി) | ഈ കാലയളവിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എത്രയാണെന്ന് വിശദമാക്കാമോ? | ബി) | കെ.ടി.ഡി.സി.യിലെത്തുന്ന സഞ്ചാരികളിൽ 2015-16, 2016-17 കാലയളവിൽ 5.37% വർദ്ധനവുണ്ടായെങ്കിലും 2017-18 കാലയളവിൽ കെ.ടി.ഡി.സി.യിലെത്തിയ സഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടുണ്ട്. കുമരകത്തെ വാട്ടർ സ്കേപ്പ്, തിരുവനന്തപുരം മാസ്കറ്റ് ഹോട്ടൽ, തമ്പാനൂരിലെ ചൈത്രം ഹോട്ടൽ, തേക്കടിയിലെ പെരിയാർ ഹൗസ് എന്നിവ ഈ കാലയളവിൽ അറ്റകുറ്റപണികൾക്കായി പൂർണ്ണമായോ ഭാഗികമായോ അടക്കേണ്ടി വന്നതിനാലാണ് കെ.ടി.ഡി.സി ഹോട്ടലുകളിൽ താമസിക്കാനെത്തിയ സഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടാകാൻ കാരണം. |
| സി) | കെ.ടി.ഡി.സി. നഷ്ടത്തിലായതിനുള്ള കാരണങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | സി) യും ഡി) യും | കെ.ടി.ഡി.സി. പ്രവർത്തന ലാഭത്തിലാണ്. പൊടുന്നനെയുണ്ടായ മദ്യ നിരോധന നയം മൂലം ഇരുപത്തിയെട്ട് ബിയർ പാർലറുകൾ അടക്കേണ്ടി വന്നത് പ്രവർത്തനത്തെ ബാധിച്ചിരുന്നു.<br>ഇവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ വർദ്ധനവും വരുമാനമില്ലാതെ നൽകേണ്ടി വന്ന അവരുടെ വേതനം, ചില ഹോട്ടലുകളുടെ കാലഹരണപ്പെട്ട കെട്ടിടങ്ങളും തുടർന്നുള്ള അറ്റകുറ്റപണികൾ എന്നിവ ചെലവ് വർദ്ധിക്കാൻ കാരണമായി. ഭാവി ബിസിനസ്സ് മുന്നിൽ കണ്ടുകൊണ്ട് കഴിഞ്ഞ 2 വർഷത്തിനിടയിൽ കുമരകത്തെ വാട്ടർസ്കേപ്പ് എന്ന ഹോട്ടൽ അടച്ച് നവീകരണം നടത്തി വരുന്നു. തിരുവനന്തപുരം |
| ഡി) | എങ്കിൽ ഇവ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | മാസ്കറ്റ് ഹോട്ടൽ, ചൈത്രം ഹോട്ടൽ തുടങ്ങിയവ ഭാഗികമായി അടച്ച് നവീകരണങ്ങൾ നടത്തിയതും വരുമാനത്തിൽ കുറവ് ഉണ്ടാകാൻ കാരണമായി.<br>സമയബന്ധിതമായി നവീകരണ പ്രവർത്തനങ്ങൾ നടത്തിയും തൊഴിലാളികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും ശരിയായ പരിശീലനം നൽകിയും യുക്തമായ രീതിയിൽ തൊഴിലാളികളേയും, ഉദ്യോഗസ്ഥരേയും വിന്യസിച്ച് തുടർന്ന് ലാഭകരമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കെ.ടി.ഡി.സി റിസോർട്ടുകളും, ഹോട്ടലുകളും ശക്തമായ മത്സരമാണ് അഭിമുഖീകരിക്കുന്നത്. ഓരോ ഡെസ്റ്റിനേഷന്റെയും വിസ്തീർണ്ണം വർദ്ധിക്കുകയും അവിടെയെല്ലാം ഉള്ള ഹോട്ടലുകളുടെയും, സർവ്വീസ് വില്ലകളുടെയും ഹോംസ്റ്റേകളുടെയും അപ്പാർട്ട്മെന്റ് ഹോട്ടലുകളുടെയും മത്സരം അതിജീവിച്ചാണ് കെ.ടി.ഡി.സി നിലനിൽക്കുന്നത്. |

**സെക്ഷൻ ഓഫീസർ**